File No.: DWCD/6864/2025-B2

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി: 16-12-2025
Email-wcdbillsection@gmail.com
Phone-0471–234 6534

**പരിപത്രം**

വിഷയം: വനിതാ ശിശു വികസന വകുപ്പ് –അങ്കണവാടി ജീവനക്കാരുടെയും മറ്റ് താത്കാലിക ജീവനക്കാരുടെയും termination date സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യുന്നത് - സംബന്ധിച്ച്:

സൂചന:
1) സർക്കാർ പരിപത്രം നമ്പർ 64/2019 ധന തിയ്യതി:01.07.2019
2) സർക്കാർ പരിപത്രം നമ്പർ 56/2020 ധന തിയ്യതി:06.10.2020
3) സർക്കാർ പരിപത്രം നമ്പർ 98/2021 ധന തിയ്യതി:25.10.2021
4) ഈ കാര്യാലയത്തിൽ നിന്നുള്ള 27.10.2022 ലെ DWCD/3865/2022-B2 പരിപത്രം

മേൽ സൂചന 1, 2, 3, 4 സർക്കുലറുകൾ പ്രകാരം സ്പാർക്ക് സർക്കാരിന്റെ ഒരു ആധികാരിക സോഫ്റ്റ്‌വെയർ ആയിരിക്കെ ആയതു കൈകാര്യം ചെയ്യുന്നതിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിലും വളരെ ശ്രദ്ധയും കൃത്യതയും പാലിയ്ക്കേണ്ടാതാണെന്ന് നിർദേശിച്ചിട്ടുള്ളതാണ്.

എന്നാൽ പല കീഴ് കാര്യാലയങ്ങളും, പ്രത്യേകിച്ച് ശിശു വികസന പദ്ധതി ഓഫീസുകളിൽ അങ്കണവാടി ജീവനക്കാരേ താത്കാലികമായി നിയമിച്ചതിന് ശേഷം സേവനകാലാവധി കഴിഞ്ഞു അവരെ സ്പാർക്കിൽ നിന്നും വിട്ടുതൽ ചെയ്യുമ്പോൾ സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിയ്ക്കുകയും അതിനു ശേഷം തിരുത്തൽ വരുത്തുന്നതിന് ഈ കര്യലയത്തിലേക്ക് അയക്കുന്നതും നിരന്തര പ്രവണതയായി കണ്ടു വരുന്നു. കീഴ്കാര്യാലയ മേധാവികൾ സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിയ്ക്കുന്നത് കാരണം ഈ കാര്യാലയത്തിന്റെ ജോലി ഭാരം വർദ്ധിയ്ക്കുന്നു എന്ന് മാത്രമല്ല ബന്ധപ്പെട്ട താത്കാലിക ജീവനക്കാർക്ക് നിരവധി സാമ്പത്തിക കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സ്പാർക്കിൽ ഓരോ വിവരവും അപ്ഡേറ്റ് ചെയ്യുന്നതിന് ആയതു ഉറപ്പു വരുത്തുന്നതിന് സ്പാർക്കിൽ നിന്നുള്ള സൂചന സന്ദേശം (warning message) DDO മാർ കണ്ടു അംഗീകരിച്ച ശേഷമാണ് updation നടത്തേണ്ടതെന്ന് പരാമർശിത സർക്കുലറുകളിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും സ്പാർക്കിൽ വരുന്ന സൂചന സന്ദേശങ്ങൾ DDO മാർ അവഗണിയ്ക്കുന്നതിലാനാണ് ഇത്തരം തെറ്റുകൾ സംഭാവിക്കപ്പെടുന്നത്.

ഈ സാഹചര്യത്തിൽ സ്പാർക്കിൽ താത്കാലികമായി നിയമിച്ച അങ്കണവാടി ജീവനക്കാരെ (വർക്കർ & ഹെൽപ്പർ) അങ്കണവാടി താത്കാലിക സേവനം അവസാനിച്ച തിയ്യതിയിൽ തന്നെയാണ് സ്പാർക്കിൽ നിന്നും Termination ചെയ്യുന്നതെന്ന് കാര്യാലയ മേധാവികൾ വ്യക്തിപരമായി ഉറപ്പുവരുത്തി മാത്രമേ termination നടത്താവു എന്ന് കർശനമായി നിർദ്ദേശിയ്ക്കുന്നു. അതായതു അങ്കണവാടി താത്കാലിക സേവനം അവസാനിച്ച തിയ്യതിയാണ് termination തിയ്യതിയായി സ്പാർക്കിൽ നൽകേണ്ടത് എന്ന് അറിയിക്കുന്നു

ഈ പരിപത്ര തിയ്യതിയ്ക്ക് ശേഷവും termination തിയ്യതി സ്പാർക്കിൽ തെറ്റായി രേഖപ്പെടുത്തുന്ന കാര്യാലയ മേധാവി/ DDO/ബന്ധപ്പെട്ട ജീവനക്കാർ എന്നിവരുടെ പേരിൽ കർശന അച്ചടക്ക നടപടി സ്വീകരിയ്ക്കുന്നതാണ്.

MANU S P

SENIOR ADMINISTRATIVE OFFICER

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
പകർപ്പ് : സ്റ്റോക്ക് ഫയൽ /സ്പയർ

Signed by
Pradeep P
Date: 22-12-2025 11:13:02